**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4651** **19-07-2022 - ൽ മറുപടിയ്ക്ക്**

**അന്തിപ്പച്ച യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി നടപ്പിലാക്കിയിരിക്കുന്ന സംവിധാനങ്ങൾ വ്യക്തമാക്കുമോ; | (എ) | വിവിധ മാർട്ടുകളിലേയ്ക്ക് ആവശ്യമായ മത്സ്യം ജില്ലകളിൽ പ്രവർത്തിക്കുന്ന മത്സ്യസംഭരണ കേന്ദ്രങ്ങളിൽ (ബേസ് സ്റ്റേഷൻ) സംഭരിച്ചാണ് വിതരണം ചെയ്യുന്നത്. ടി മത്സ്യസംഭരണ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിലാണ് ഫിഷ്മാർട്ടുകളും സഞ്ചരിക്കുന്ന മൊബൈൽ ഫിഷ്മാർട്ടുകളും (അന്തിപ്പച്ച യുണിറ്റ്) പ്രവർത്തിക്കുന്നത്. അന്തിപ്പച്ച (മൊബൈൽ മത്സ്യവിപണന യൂണിറ്റ്) യൂണിറ്റുകളിലെ ദൈനംദിന പ്രവർത്തനങ്ങൾ ഇലക്ട്രോണിക് ബില്ലിംഗ് സോഫ്റ്റ്‌വെയറിലൂ ടെയാണ് ചെയ്യുന്നത്. അതിന്റെ മേൽനോട്ടം വഹിക്കുന്നത് മത്സ്യസംഭരണ കേന്ദ്രങ്ങളിലെ സ്ഥിരം ജീവനക്കാരാണ്. കൂടാതെ ജില്ലയിലെ മത്സ്യഫെഡ് ഭരണസമിതി അംഗം, ജില്ലാ മാനേജർ/ യൂണിറ്റ് തലവൻ, അസിസ്റ്റന്റ് മാനേജർ, മാർക്കറ്റിംഗ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ/അക്കൗണ്ടന്റ്, പ്രോജക്ട് ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി ബേസ് സ്റ്റേഷനുകൾ, ഫിഷ്മാർട്ടുകൾ, അന്തിപ്പച്ചകൾ എന്നിവിടങ്ങളിലെ ക്യാഷ് ബുക്ക്, ഡേ ബുക്ക്, ഇൻവോയ്സ്, ബിൽസ്, വൗചറുകൾ, ഗുഡ്സ് റെസിവ്ഡ് നോട്ട്, ഡെലിവെറി നോട്ട്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഒപ്പ് വെച്ച് ഫയൽ ചെയ്ത് സൂക്ഷിക്കുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അന്തിപ്പച്ച യൂണിറ്റുകളുടെ സാമ്പത്തിക ഇടപാടുകൾ കാര്യക്ഷമമാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | അന്തിപ്പച്ച (മൊബൈൽ മത്സ്യവിപണന യൂണിറ്റ്) യൂണിറ്റുകളുടെ സാമ്പത്തിക ഇടപാടുകൾ കാര്യക്ഷമമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളും ചുമതലകളും പരിശോധനാ സംവിധാനങ്ങളും നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. പണമിടപാടുകൾ പരമാവധി ഓൺലൈനായി നിർവഹിക്കുന്നതിനായുള്ള സംവിധാനങ്ങൾ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തി വരുന്നതോടൊപ്പം ഇതിന്റെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിന് ഒരു വെബ് പോർട്ടൽ നടപ്പിലാക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | അന്തിപ്പച്ച യൂണിറ്റുകളുടെ കണക്കുകൾ ഓഡിറ്റ് വിഭാഗം സമയബന്ധിതമായി പരിശോധിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ഓരോ അന്തിപ്പച്ച (മൊബൈൽ മത്സ്യവിപണന യൂണിറ്റ്) കൾക്കും വിപണനത്തിനായി നൽകുന്ന മത്സ്യത്തിന്റെ കണക്ക്, വിറ്റുവരവ് എന്നിവ മത്സ്യസംഭരണ കേന്ദ്രത്തിൽ (ബേസ് സ്റ്റേഷൻ) സൂക്ഷിച്ചിട്ടുള്ള കണക്കുകൾ മത്സ്യഫെഡിന്റെ തനതായ ഇന്റേണൽ ആഡിറ്റ് വിഭാഗവും, സഹകരണ ആഡിറ്റ് വിഭാഗവും പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ